# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2331 – 12/06/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. ഷാഫി പറമ്പിൽ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകൾക്ക് ഇതിനകം ആനുകൂല്യം നൽകി; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായതുമായ 6190 അപേക്ഷകളിലെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറി യിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുന്നു. |
| ബി | എസ്. ബി. റ്റി. യിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിച്ചിട്ടുണ്ടോ; ഈ പ്രശ്നം എസ്.എൽ.ബി.സി.യിൽ ഉന്നയിക്കുക യുണ്ടായോ; എങ്കിൽ എസ്.എൽ.ബി.സി യുടെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതാണ്. എന്നാൽ മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത തിനാൽ പ്രസ്തുത വായ്പകൾക്ക് ധനസഹായം ലഭിക്കുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി |

| | | |
|---|---|---|
| | | ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്. എസ്.എൽ.ബി.സി. ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. |
| സി | എസ്.ബി.റ്റിയിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത എത്രപേർക്ക് ഇതിനകം ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കി എന്ന് അറിയിക്കുമോ ? | മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ അപേക്ഷകളുൾപ്പെടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ സമർപ്പിക്കപ്പെട്ട 1846 അപേക്ഷകളിന്മേൽ സർക്കാർ വിഹിതം കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ